**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6112** **09-11-2021 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പുഴകളുടെയും തോടുകളുടെയും തീരസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മഴക്കെടുതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പുഴകളുടെയും തോടുകളുടെയും തീരങ്ങൾ ഇടിഞ്ഞുണ്ടായ നഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | നടത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും അവിടുത്തെ ഭരണസമിതിയുമായി ബന്ധപ്പെടുകയും, നിലവിലെ സാഹചര്യത്തിലുള്ള കണക്കെടുക്കുകയും ചെയ്തു. പുഴകളുടേയും തോടുകളുടെയും തീരങ്ങൾ ഇടിഞ്ഞുണ്ടായത് മാത്രം 47.02 കോടി രൂപയുടെ നഷ്ടമാണെന്ന് വിലയിരുത്തുകയുണ്ടായി. |
| (ബി) | തീരങ്ങൾ ഇടിഞ്ഞ ഭാഗങ്ങൾ പുനർനിർമ്മിക്കുന്നതിനും തീരസംരക്ഷണത്തിനായും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | തീരങ്ങൾ ഇടിഞ്ഞ ഭാഗങ്ങളിൽ പുനർനിർമ്മാണം നടത്തുവാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഫ്ളഡ് കൺട്രോൾ, ഫ്ളഡ് ഡാമേജ്, എസ് ഡി ആർ എഫ് എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ